കേരളത്തിലെ ഇസ്ലാഹീ പ്രസ്ഥാന വളർച്ചയിൽ ഗണ്യമായ പങ്കുവഹിച്ച സ്ഥാപനങ്ങളാണ് നമ്മുടെ അറബിക്കോളേജുകൾ. അറബി ഭാഷയിലൂടെ ഖുർആനും ഹദീഥും മറ്റു ഇസ്ലാമിക വിജ്ഞാനങ്ങളും കരസ്ഥമാക്കി അറബിക്കോളേജുകളിൽ നിന്ന് പുറത്ത് വന്നവരാണ് അന്ധ-വിശ്വാസ-അനാചരങ്ങൾക്കെതിരിലുള്ള ഇസ്ലാഹീ മുന്നേറ്റത്തിൽ ആദ്യ കാലത്ത് മുൻനിരയിൽ നിന്നിരുന്നവർ. ഇന്നുള്ള ഇസ്ലാഹി നേതൃനിരയെ നോക്കിയാലും അധികപേരും അറബിക്കോളേജുകളിലൂടെ ഉയർന്നു വന്നവരാണെന്ന് കാണാം. അറബിക്കോളേജുകളെ മാറ്റി നിർത്തിയാല് ഇസ്ലാഹി കേരളത്തിന്റെ ചരിത്രം തന്നെ അപൂർണമായിരിക്കുമെന്ന് പറയാറുള്ളത് മേല് എഴുതിയ കാരണങ്ങൾ കൊണ്ടാണ്.

## പള്ളിദർസും അറബിക്കോളേജും

പള്ളിദർസുകളിലൂടെ മാത്രമേ ഇസ്ലാമിക വിജ്ഞാനം ആർജിക്കാന് കഴിയൂ എന്നതായിരുന്നു യാഥാസ്ഥിക മുസ്ലിം സമൂഹത്തിന്റെ ധാരണ. പള്ളിദർസുകളുടെ നിലവിലുണ്ടായിരുന്ന പലരീതികളോടും ഇസ്ലാഹി നേതാക്കൾക്ക് വിയോജിപ്പുണ്ടായിരുന്നത് കൊണ്ടാണ് ദർസുകൾക്ക് ബദലായി അറബിക്കോളേജുകള് സ്ഥാപിക്കാൻ അക്കാലത്ത് ശ്രമങ്ങളുണ്ടായത്. പൊതുജനങ്ങളുടെ ഓശാരങ്ങളെ മാത്രം ആശ്രയിച്ച് നിലനിന്നിരുന്ന ദർസുകളില് പഠിച്ച് പുറത്തു വരുന്ന മുസ്ലിയാക്കന്മാർക്ക് സമുദായങ്ങളോട് – പ്രത്യേകിച്ചും പണക്കാരോട് – ഒരു നിലക്കുള്ള വിധേയത്വം ഉണ്ടായിരുന്നു എന്നത് സ്വാഭാവികം മാത്രം.

ഒരു നവോത്ഥാനത്തിനോ വിപ്ളവകരമായ മാറ്റങ്ങൾക്കോ മുമ്പില് നടക്കാന് ഇത്തരം അപകർഷതാ ബോധങ്ങൾക്കടിമപ്പെട്ടവരെ പറ്റുകയില്ലെന്ന് ഇസ്ലാഹീ നേതൃത്വം മനസ്സിലാക്കിയിരുന്നു. ആളുകളുടെ മുമ്പിൽ നട്ടെല്ല് നിവർത്തി എഴുന്നേറ്റ് നിന്ന് മതപരമായ കാര്യങ്ങള് മുഖം നോക്കാതെ വെട്ടിത്തുറന്ന് പറയാന് കഴിയണമെങ്കിൽ പൊതുജനങ്ങളോടുള്ള ഇത്തരം വിധേയത്വ മനസ്ഥിതിയില് നിന്നും പണ്ഡിതരും പ്രബോധകരും പൂർണമായി മോചനം നേടണമെന്ന കാര്യം ഇസ്ലാഹീ പണ്ഡിതന്മാർ ഊന്നിപ്പറയുകയും പള്ളിദർസ് സമ്പ്രദായം തന്നെ തൽക്കാലം വേണ്ടെന്ന് വെക്കാനും അവർ തീരുമാനിച്ചു.

പള്ളിദർസുകളില് പഠിച്ച് പുറത്തുവരുന്നവരോട് ഒരു തരം പുച്ഛവും അവഗണനയുമാണ് സമുദായത്തിൽ അക്കാലത്ത് നിലനിന്നിരുന്നത്. ദാരിദ്ര്യവും കഷ്ടപ്പാടും കാരണം മക്കളെ പഠിപ്പിക്കാൻ ദർസിലയക്കുക അന്നത്തെ പതിവായിരുന്നു. അതു കൊണ്ട് തന്നെ അവശതയനുഭവിക്കുന്ന വികലാംഗരും പാവപ്പെട്ടവരുമായിരുന്നു ദർസു വിദ്യാർഥികളില് ഭൂരിഭാഗവും. പണക്കാരുടേയും മുതവല്ലിമാരുടേയും മുമ്പിൽ ഓച്ഛാനിച്ച് നിന്നാലേ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയൂ എന്നതായിരുന്നു മുസ്ല്യാക്കന്മാരുടെ സ്ഥിതി. ഇത്തരം ഒരു സാഹചര്യമാണ് മതപഠനം ദർസില് നിന്ന് മാറ്റിയാലേ മതനവോത്ഥാനത്തിന് നേതൃത്വം നൽകാന് കെൽപ്പുള്ളവരെ വാർത്തെടുക്കാന് കഴിയൂ എന്ന ചിന്തയിലേക്ക് ഇസ്ലാഹി പണ്ഡിതന്മാരെ എത്തിച്ചത്.

വിശ്വാസ കാര്യങ്ങൾ അശ്അരീ ത്വരീഖത്തിലൂടെയും കർമശാസ്ത്ര കാര്യങ്ങള് ശാഫിഈ മദ്ഹബിലൂടെയുമാണ് പള്ളിദർസുകളില് പഠിപ്പിച്ചിരുന്നത്. അതിനാൽ തന്നെ ഖുർആനിന്റേയും ഹദീഥിന്റേയും അടിസ്ഥാനത്തിലുള്ള (മദ്ഹബ് മുക്തമായ) സ്വതന്ത്ര പഠനം ദർസിലൂടെ സാധ്യമായിരുന്നില്ല എന്നതും പള്ളിദർസുകള് വേണ്ടെന്ന് വെക്കാൻ പ്രധാന പ്രേരണയായി.

അറബിക്കോളേജുകൾക്ക് സ്വതന്ത്രമായ സിലബസ് തയ്യാറാക്കുകയും അത് സർക്കാറിന് കീഴിലുള്ള യൂണിവേഴ്സിറ്റികളെ കൊണ്ടംഗീകരിപ്പിക്കുകയും ചെയ്യാൻ അക്കാലത്ത് ഇസ്ലാഹീ നേതാക്കൾ ഏറെ ത്യാഗങ്ങള് സഹിച്ചിട്ടുണ്ട്. ഉദ്യോഗ സാധ്യതയുള്ള

കോഴ്സുകളാക്കി മാറ്റിയപ്പോഴും സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കാന് കെൽപ്പുള്ള പ്രബോധകരെ വാർത്തെടുക്കുക എന്ന ലക്ഷ്യമായിരുന്നു നേതാക്കൾക്കുണ്ടായിരുന്നത്.

ആളുകളുടെ സൌജന്യങ്ങളെ മാത്രം അവലംബമാക്കാതെ സ്വന്തം നിലക്ക് ജീവിക്കുന്നവർക്ക് ഉദ്യോഗത്തോടൊപ്പം താന് പഠിച്ച മതകാര്യങ്ങള് ഉയർത്തിപ്പിടിച്ചു കൊണ്ട് സമുദായ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും നൂറ്റാണ്ടുകളായി അരക്കെട്ടുറപ്പിക്കപ്പെട്ട അന്ധവിശ്വാസനാചാരങ്ങൾക്കെതിരെ പൊതുമുസ്ലിം സമൂഹത്തെ ഉൽബുദ്ധമാക്കാനും അനായാസം സാധിക്കുമെന്ന നേതാക്കളുടെ കണക്കുകൂട്ടൽ അസ്ഥാനത്തായില്ല. അറബിക്കോളേജുകളിൽ മതപഠനം നടത്തി ഉദ്യോഗം നേടി സ്വന്തം നാട്ടില് ഇസ്ലാഹി പ്രവർത്തനം ധൈര്യമായി നിർവഹിച്ചവര് പ്രസ്ഥാനത്തെ ജനകീയമാക്കി.

പ്രബോധകരും പ്രസംഗകരുമായി ധാരാളം പേർ രംഗത്ത് വന്നതോടെ മുസ്ല്യാക്കന്മാർക്ക് വിറളി പിടിച്ചു. “ബുക്ക് വായിച്ച് പഠിച്ചവർക്ക് ദീനറിയില്ല ; അതിന് പള്ളിദർസുകളില് കിതാബോതി പഠിക്കുക തന്നെ വേണം...” ഇത്തരത്തിലുള്ള പല കുപ്രചാരണങ്ങളും അവർ അഴിച്ചുവിട്ടു. അതിന്റെ ചില അവശിഷ്ട പ്രചാരണങ്ങൾ ഇന്നും നിലനിൽക്കുന്നു...

## വിദ്യാർഥികള് അന്നും ഇന്നും

അറബിക്കോളേജിലെത്തിപ്പെടുന്ന വിദ്യാർഥികള് കേവലം സർട്ടിഫിക്കറ്റിന് വേണ്ടി മാത്രം പഠിക്കുക എന്നതായിരുന്നില്ല അറബിക്കോളേജുകൾ സ്ഥാപിക്കാന് മുൻകൈയ്യെടുത്ത ഇസ്ലാഹീ നേതാക്കളുടെ ലക്ഷ്യം. പ്രത്യുത മതപരമായ വിഷയങ്ങൾ പ്രമാണങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കുകയും നാട്ടില് നിലനിൽക്കുന്ന ഇസ്ലാമിക വിരുദ്ധ വിശ്വാസാചാരാങ്ങളെ തെളിവുകള് കൊണ്ട് നേരിടാന് വിദ്യാർഥികള് പ്രാപ്തി നേടുക എന്നതു കൂടിയായിരുന്നു. യൂണിവേഴ്സിറ്റി സിലബസ്സിന് പുറമെ ഭാഷാവ്യുൽപ്പത്തിയും മതപരമായ അറിവും വർദ്ധിപ്പിക്കാനുതകുന്ന ചില ഗ്രന്ഥങ്ങളും അറബിക്കോളേജുകളിൽ പഠിപ്പിക്കപ്പെട്ടിരുന്നു.

വിദ്ധ്യാർഥികൾക്ക് പരീക്ഷയില് ഉന്നത വിജയം നേടിക്കൊടുക്കുക എന്ന ലക്ഷ്യം മാത്രം മുന്നിൽ കാണുന്ന അറബിക്കോളേജ് അദ്ധ്യാപകരെയായിരുന്നില്ല മതസ്ഥാപനങ്ങൾ സ്ഥാപിച്ചപ്പോള് നമ്മുടെ നേതാക്കള് മനസ്സില് കണ്ടത്. പ്രത്യുത വിദ്യാർഥികളെ സർക്കാര് വക പരീക്ഷക്ക് തയ്യാറാക്കുന്നതോടൊപ്പം മതപ്രബോധന രംഗത്ത് സേവനമനുഷ്ഠിക്കുവാനുള്ള മതപരമായ അറിവും അവർക്ക് നൽകണമെന്ന നിർബന്ധബുദ്ധിയുള്ളവരെയായിരുന്നു. മാർക്ക് ദാനവും മാർക്ക് ലിസ്റ് തിരുത്തലും പരീക്ഷ മൂല്യനിർണയത്തിലെ ക്രമക്കേടുകളുമൊക്കെ അറബിക്കോളേജ് മേഖലയിലേക്കും കടന്നുവരുന്നുണ്ടെങ്കില് അതിനർഥം ഇഖ്ലാസുള്ള അദ്ധ്യാപകര് കുറഞ്ഞുവരുന്നു എന്നതാണ്.

ശമ്പളവും ആനുകൂല്യങ്ങളും മാത്രം ലാക്കാക്കി അറബിക് ലക്ചറുടെ തൊഴിൽ മാത്രം ചെയ്യുന്ന കൂലിലക്ചർമാരെ സൃഷ്ടിക്കാനല്ല നമ്മുടെ മുൻഗാമികള് ഇത്ര അധ്വാനിച്ചത്. വഖഫ് സ്വത്തുകളും സ്വദഖകളും സക്കാത്തിന്റെ വിഹിതം പോലും നൽകി അറബിക്കോളേജുകള് തകരാതെ തളരാതെ നിലനിർത്താന് സമുദായത്തിലെ ഉദാരമതികൾ മുന്നോട്ട് വന്നത് കുറേ ലക്ചർമാർക്ക് നല്ല ശമ്പളം കിട്ടിക്കൊള്ളട്ടെ എന്ന ഉദ്ദേശത്തോടെയല്ല. മറിച്ച്, സമുദായത്തിന്റെ ഫർള് കിഫാ (സാമൂഹ്യ ബാധ്യത) ആയ ദീനിൽ അവഗാഹം നേടിയ പണ്ഡിതന്മാരെയും പ്രബോധകരേയും വാർത്തെടുക്കാന് സഹായിക്കുക എന്ന കർത്തവ്യബോധമുൾക്കൊണ്ടു കൊണ്ടായിരുന്നു. ആ നിലക്കുള്ള കുറേ വിദ്യാർഥികളെ പുറത്ത് വിടാനും നമ്മുടെ അറബിക്കോളേജുകൾക്ക് സാധിച്ചു.

എന്നാൽ കാലം മുന്നോട്ട് പോയപ്പോള് അദ്ധ്യാപകരുടേയും വിദ്യാർഥികളുടേയും സമീപന രീതികളിൽ വലിയ മാറ്റം വന്നു. എങ്ങനെയെങ്കിലും ഒരു സർക്കാര് ജോലി നേടുക, പിന്നെ താനും ഭാര്യയും കുടുംബവും സുഖമായി ജീവിക്കുക ; ഇതാണ് പലരുടേയും ഇന്നത്തെ ശൈലി. സമുദായത്തോടും ഇസ്ലാമിക ദഅ്വത്തിനോടുമൊക്കെ പുഛവും വെറുപ്പുമാണവർക്ക്! സമുദായത്തോടും അറബിക്കോളേജുകൾ ഉയർത്തിപ്പിടിക്കുന്ന ആദർശത്തോടും കൂറില്ലാത്ത ഇത്തരം സ്വാർഥതാൽപര്യക്കാര് അറബിക്കോളേജുകളിൽ തന്നെ അദ്ധ്യാപകരായി വന്നാലുള്ള സ്ഥിതി ആലോചിച്ചു നോക്കൂ! അറബിക്കോളേജ് കമ്മറ്റിക്കാരുമായുള്ള കുടുംബബന്ധമോ രാഷ്ട്രീയ നേതാക്കളുടെ 'തട്ടാനാവാത്ത ശുപാർശ'യോ മാത്രമായിരിക്കും ഇയാളെ ഈ മഹനീയ സ്ഥാപനങ്ങളിലെ –'ഉദ്യോഗസ്ഥരാ'ക്കാൻ ഇടയാക്കിയത്.
മിമ്പറുകളും പ്രബോധനവേദികളും വർദ്ധിച്ചു വരുന്നുണ്ടെങ്കിലും പ്രാപ്തരായ ഖതീബുമാരെയും ദാഇകളെയും കണ്ടെത്താൻ കഴിയാതെ മഹല്ല് നേതൃത്വവും സംഘടനാ ഭാരവാഹികളും പരിഭവിക്കുന്നത് കാണാം. കാര്യബോധമില്ലാത്ത പരിഭവങ്ങൾ കൊണ്ട് യാതൊരു പ്രയോജനവുമില്ല. അറബിക്കോളേജുകളെ വെറും പരീക്ഷക്കിരുത്തുന്ന കേന്ദ്രങ്ങളാക്കുന്ന ഇന്നത്തെ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തുകയാണാവശ്യം. അല്ലെങ്കിൽ പ്രബോധകരെ വാർത്തെടുക്കുന്ന പുതിയ സ്ഥാപനങ്ങള് നാം അടിയന്തരമായി തുടങ്ങേണ്ടതുണ്ട്.

നിലവിലുള്ള അറബിക്കോളേജുകളിലെ അദ്ധ്യാപകരും മാനേജിങ്ങ് കമ്മറ്റിയും തങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നില്ലെങ്കില് ഇനിയെങ്കിലും സമുദായത്തില് നിന്ന് പിരിവെടുക്കുന്നതും വഖ്ഫായി ലഭിച്ച സ്വത്തുകളുപയോഗിച്ച് അറബിക്കോളേജിന് സൌകര്യമൊരുക്കുന്നതും ബന്ധപ്പെട്ടവര് നിർത്തിവെക്കണം. എട്ടോ പത്തോ അദ്ധ്യാപകർക്ക് വലിയ തുക ശമ്പളം കിട്ടുക എന്നത് മാത്രമാണ് മിച്ചമെങ്കിൽ – സമുദായത്തിനും ആദർശ പ്രസ്ഥാനത്തിനും പ്രയോജനകരമായ നിലയിൽ വിദ്യാർഥികളും അദ്ധ്യാപകരും പ്രവർത്തിക്കുന്നില്ലെങ്കില് ഇത്തരം കോളേജുകൾ എത്രയും വേഗം അടച്ചു പൂട്ടാന് ശ്രമിക്കുകയാകും ഭംഗി.
ത്യാഗങ്ങളേറെ സഹിച്ച മുൻഗാമികളുടെ നിയ്യത്തിനനുസരിച്ച് സ്ഥാപനത്തെ നിലനിർത്താനും അവര് ലക്ഷ്യം വെച്ച 'മതകലാലയം' എന്ന നിലവാരം കാത്തുസൂക്ഷിക്കാനും കഴിയില്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നവരെ മാറ്റി പ്രാപ്തരായവരെ ഏൽപ്പിക്കാനും ബന്ധപ്പെട്ട കമ്മിറ്റികൾ മുന്നോട്ട് വരണം. എന്തിനാണ് അറബിക്കോളേജുകൾ? സകാത്തും സ്വദഖഃയും വഖ്ഫ് സ്വത്തുക്കളും ഉപയോഗിച്ച് ആദ്യകാല നേതാക്കൾ അവയെ നിലനിർത്തിപ്പോന്നത് എന്തിനെന്നറിയാത്ത വിവരം കെട്ട കുറേ നേതാക്കന്മാരെ കമ്മിറ്റികളിൽ തിരുകിക്കയറ്റി സ്ഥാപനങ്ങളുടെ ലക്ഷ്യം അട്ടിമറിക്കുന്നവര് ആരായാലും അവർക്ക് അല്ലാഹു ഈ ലോകത്തും പരലോകത്തും മാപ്പ് നൽകുകയില്ല. മതവിദ്യാഭ്യാസത്തോട് പുഛമുള്ളവർ കൂടി അത്തരം കമ്മിറ്റികളിലുണ്ടായാൽ എന്തായിരിക്കും അവസ്ഥ?
ഭൌതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ പുറത്ത് നിന്ന് പിന്തുണക്കുക. മതകലാലയങ്ങൾ നേരിട്ട് നടത്തുക. ഇതായിരുന്നു ആദ്യ കാല ഇസ്ലാഹീ നേതാക്കളുടെ രീതി. ഭൌതികവിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ട് ചില ഗുണങ്ങളൊക്കെ ഉണ്ടാകുമെങ്കിലും ആദർശ പ്രസ്ഥാനത്തിന് ഒരു പാട് അഡ്ജസ്റ്റുമെന്റുകളും വഴിവിട്ട വിട്ടുവീഴ്ച്ചകളുമൊക്കെ നടത്താന് ഇത്തരം കലാലയങ്ങൾ നേരിട്ട് നടത്തിയാല് നാം നിർബന്ധിതരാകുമെന്ന് ആദ്യ കാല നേതാക്കൾക്കറിയാമായിരുന്നു. ഇസ്ലാം അനുവദിച്ച പരിധിക്കുള്ളിൽ നിന്നു കൊണ്ട് ഭൌതിക കലാലയങ്ങളെ പുറത്ത് നിന്ന് പിന്തുണച്ചാൽ എല്ലാ ഗുണവശങ്ങളും

അനുഭവിക്കാനും അതേ സമയം ദോഷഫലങ്ങളുടെ ഉത്തരവാദിത്തം അല്ലാഹുവിന്റെ മുമ്പിലോ ജനങ്ങളുടെ മുമ്പിലോ, കേൾക്കാതിരിക്കാനും നമുക്ക് കഴിയുമായിരുന്നു. അത്തരം കലാലയങ്ങളുടെ ധാർമികനിലവാരം നിലനിർത്തുന്നതില് മതനേതാക്കളുടെ പുറത്തു നിന്നുള്ള ഈ പിന്തുണ ഒരു പരിധി വരെ സഹാകമായിരുന്നു താനും. മതകലാലയങ്ങളുടെ മുഖഛായക്ക് തന്നെ മാനക്കേടുണ്ടാക്കുന്ന തരത്തിൽ ഭൌതികകലാലയങ്ങൾ പലതും മതകലാലയങ്ങളുടെ നെഞ്ചില് തന്നെ കമ്മിറ്റികളുടെ പിന്തുണയോടെ സ്ഥാപിച്ചവർ എന്ത് ഭൌതിക നേട്ടം മുന്നില് കണ്ടാലും അല്ലാഹു പൊറുക്കുമെന്ന് തോന്നുന്നില്ല.

പ്രായപൂർത്തിയെത്തിയ പെൺകുട്ടികള്, (മുസ്ലിം, അമുസ്ലിം) ആഭാസകരമായ രീതിയിൽ വസ്ത്രം ധരിച്ച് മതപണ്ഡിതന്മാരുടെയും മതവിദ്യാർഥികളുടെയും ഇടയിലൂടെ സങ്കോചമില്ലാതെ – പലപ്പോഴും അതേ ഭൌതിക കലാലയത്തിലെ ആൺകുട്ടികളോടൊത്ത് പൊട്ടിച്ചിരിച്ചും സല്ലപിച്ചും നടന്ന് നീങ്ങുന്നത് കാണുമ്പോള് ആദർശ ബോധമുള്ളവർക്ക് ഹൃദയം വേദനിക്കാറുണ്ട്. ആർട്സ് കോളേജ് ക്യാമ്പസ്സുകളിലും മറ്റും കാണപ്പെടുന്ന അതേ രീതിയിൽ ആണും പെണ്ണും കൂട്ടം കൂടി നിന്ന് കുത്ത് വാക്ക് പറഞ്ഞും ശൃംഗരിച്ചും 'അടിച്ചു പൊളിക്കുന്ന' സീനുകളും മതകലാലയത്തിലെത്തുന്ന പണ്ഡിതരും പ്രബോധകരും പലപ്പോഴും കാണേണ്ടി വരുന്നു!!

പ്രായപൂർത്തിയെത്തിയ പെൺകുട്ടികളുടെ "സൈഡ് ഓപ്പൺ" ചുരിദാര് യാതൊരു മതത്തിലും വിശ്വാസമില്ലാത്ത പ്രിൻസിപ്പൾമാരും അമുസ്ലിം സ്റാഫ് ഭൂരിപക്ഷമുള്ള സ്കൂളികളിലും ഹയർസെക്കണ്ടറികളിലും വരെ നിരോധിച്ചിട്ടുണ്ട്. പക്ഷേ മതകലാലയങ്ങളുടെ നടുവിലുള്ള ചില സ്ഥാപനങ്ങളിൽ അതിനും നിയന്ത്രണമില്ല. ആരെങ്കിലും പർദ്ദയിട്ടു വന്നാലാണ് അവിടെ യൂണിഫോം പ്രശ്നം പറഞ്ഞ് സാരി ഉടുക്കണമെന്ന് അരുളപ്പാടുണ്ടാകുക. പർദ്ദയുടുക്കാന് മത സംഘടനകൾ നടത്തുന്ന സ്ഥാപനത്തിൽ വിലക്കുണ്ടെന്ന് പറഞ്ഞാല് ആരെങ്കിലും വിശ്വസിക്കുമോ? പക്ഷേ അതാണ് വാസ്തവം.

ക്യസ്ത്യാനികൾ നടത്തുന്ന സ്ഥാപനങ്ങളില് മുസ്ളിം പെൺകുട്ടികൾക്ക് യൂണിഫോമിന്റെ പേരിൽ ഇസ്ളാമിക വേഷം ധരിക്കാന് അനുവാദിക്കാത്തതിനെ മതസ്വാതന്ത്ര്യത്തിന്റെ പേരിൽ ചോദ്യം ചെയ്ത പാരമ്പര്യമുള്ളവരാണ് നാം. പക്ഷേ, നമ്മുടെ സ്ഥാപനങ്ങളിൽ തന്നെ സൈഡ് ഓപ്പണ് ചുരിദാറും അരവയര് പുറത്തായ ബ്ളൌസും സാരിയും യൂണിഫോമായി നിശ്ചയിച്ചു വെച്ചിരിക്കുന്നു. അത്തരം യൂണിഫോമുകൾ ധരിച്ച് കഴിയുന്നതും ഔറത്ത് പുറത്താക്കി എല്ലാ ഇളവുകളും അനുഭവിച്ച് മതകലാലയങ്ങളിൽ പെൺപട തലങ്ങും വിലങ്ങും നടക്കുന്നു. കോളേജുകൾ വിടുമ്പോഴും ഇന്ററർവെല് സമയത്തും മതവിദ്യാർഥികളും ഇവരും പുറത്തിറങ്ങുന്നത് ഒരേ ഗ്രൌണ്ടിലേക്ക്! എന്തൊരവസ്ഥ! പക്ഷേ അരുത് എന്ന് ഉരിയാടാൻ പോലും ആർക്കും കഴിയാത്ത അവസ്ഥയാണ് അത്തരം പല സ്ഥാപനങ്ങളിലും ഉള്ളത്. ആരോട് പറയാൻ? എവിടെ പരാതിപ്പെടാന്? ചങ്ങലക്കാണല്ലോ ഭ്രാന്ത് പിടിച്ചിരിക്കുന്നത്.

മതകലാലയത്തെ മാനം കെടുത്തുന്ന രീതിയിൽ ഓണാഘോഷവും ആർട്സ് ഫെസ്റിവലുകളും യുവജനോത്സവങ്ങളും സീസോൺ മേളകളും വാർഷികാഘോഷങ്ങളുമൊക്കെ ഇത്തരം കലാലയങ്ങളില് യാതൊരു നിയന്ത്രണവുമില്ലാതെ അരങ്ങേറുന്നു. ആണും പെണ്ണും കൂടിക്കലരുന്നതിനോ സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിനോ ഓണപ്പൂക്കള മത്സരങ്ങള് തന്നെ സംഘടിപ്പിക്കുന്നതിനോ മുതിർന്ന പെൺകുട്ടികള് അണിഞ്ഞ് കെട്ടിയൊരുങ്ങി സ്റേജിലെത്തി ഡാൻസ് ആടുന്നതിനോ നാടകങ്ങളും മാജിക്ക് പരിപാടികളും നടത്തുന്നതിനോ ഒന്നും ഒരു വിലക്കുകളും ആർക്കും ഉന്നയിക്കാന് പോലും അവസരമില്ല.

അനിസ്ലാമിക വേഷം ധരിച്ച് വരുന്ന മുസ്ലിം സ്റാഫിനോട് “ഇതൊരു മതകലാലയത്തിന്റെ ഭാഗമാണ്. ഈ വേഷവുമായി ഇനി വരരുത്” എന്ന് പറയാനുള്ള ധാർമ്മികബോധം പോലും സ്ഥാപനത്തിന്റെ ചുക്കാന് പിടിക്കുന്നവർക്ക് ഇല്ലാതായിരിക്കുന്നു.ആരെങ്കിലും അവശേഷിക്കുന്ന മതബോധത്തിന്റെ പ്രേരണയാൽ ഇതിന്നെതിരിൽ പ്രതികരിച്ചാല് തന്നെ റെഡിമെയ്ഡ് മറുപടി വരും. “നിങ്ങൾക്കിതില് എന്തധികാരം? അതിനൊക്കെ അതിന്റേതായ കമ്മിറ്റികളുണ്ട്. അവിടെ ചർച്ച ചെയ്ത് അവർ തീരുമാനിക്കും. സർക്കാര് അംഗീകാരമുണ്ടെങ്കില് ഇതൊക്കെ അനുവദിക്കേണ്ടി വരും.” ഹറാമും ഹലാലും വോട്ടിനിട്ട് തീരുമാനിക്കും എന്ന് പറഞ്ഞ പോലെ!
ഇതിന്റെയെല്ലാം ആക്ഷേപങ്ങൾ കേൾക്കേണ്ടി വരുന്നത് ആദർശ പ്രസ്ഥാനം മൊത്തത്തിലാണ്. “അത് നിങ്ങളുടെ സ്ഥാപനമല്ലേ? അത് നിയന്ത്രിക്കാൻ കഴിയാത്ത നിങ്ങൾ നാട്ടുകാരോട് പ്രസംഗിക്കുന്നത് കാപട്യമല്ലേ...” എന്നിത്യാദി വിമർശനങ്ങൾ! ലജ്ജിച്ചു തലതാഴ്ത്തി പ്രസംഗവും പ്രവർത്തനവും നിർത്തിവെച്ച് ക്രമേണ ആദർശപ്രസ്ഥാനത്തില് നിന്ന് സ്വയം പിൻവലിയുകയല്ലാതെ മറ്റു മാർഗങ്ങള് മുമ്പിലില്ലാത്ത സാധാരണ പ്രവർത്തകന്റെ വല്ലാത്തൊരു ഗതികേട്!! ഒരു തിന്മ കണ്ടാൽ കൈ കൊണ്ട് തടയുക, അതിന് സാധ്യമല്ലെങ്കിൽ നാവ് കൊണ്ട്, അതിനും കഴിയാത്ത (നിസ്സഹായ) അവസ്ഥയിൽ ഹൃദയം കൊണ്ട് വെറുത്ത് മാറിനിൽക്കുക എന്ന പ്രവാചക വചനത്തിലെ അവസാന പരിഹാരം കൊണ്ട് മതിയാക്കേണ്ടി വന്ന എത്രയെത്ര പ്രവർത്തകർ! സ്ഥാപനങ്ങളുടെ മട്ടുപ്പാവിലോ, ശീതീകരിച്ച ചില്ലിൻ കൂടുകളിലോ ഇരുന്ന് സ്ഥാപന ഭരണം കെങ്കേമമായി നടത്തിക്കൊണ്ടിരിക്കുന്നവരോ, സ്ഥാപനത്തെ കാത്തുരക്ഷിക്കുന്ന ബഹുമാനപ്പെട്ട കമ്മിറ്റി അംഗങ്ങളോ ആദർശ പ്രസ്ഥാനത്തിന്റെ അതിർവരമ്പുകള് ബാധകമല്ലാത്ത ബാലികേറാമലകളാണെന്ന് പറഞ്ഞ് ഉത്തരവാദപ്പെട്ടവര് കൈമലർത്തുമ്പോള് ആദർശ ശത്രുക്കളോട് മുഖാമുഖം പോരാടുന്ന മാനാഭിമാനമുള്ള സാധാരണ പ്രവർത്തകര് കളം മാറ്റിച്ചവിട്ടി മാനം കാക്കാൻ ശ്രമിക്കുന്നുവെങ്കില് അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല.
ചില മതകലാലയങ്ങളുടെ മഹനീയ ക്യാമ്പസ്സുകളിൽ ഭൌതീക കലാലയങ്ങള് ഒന്നിനു പിറകെ ഒന്നായി സ്ഥാപിച്ച് ഭൌതികന്മാരെ പ്രീണിപ്പിക്കുന്നവർ മതകലാലയത്തിന്റെ നട്ടെല്ലൊടിച്ച് ചവിട്ടിത്താഴ്ത്തിയിരിക്കുകയാണ്! ആളുകൾ ഇന്നും സക്കാത്തും സ്വദഖഃയും നൽകി മതകലാലയങ്ങളെ സഹായിക്കണമെന്ന് വഅ്ള് പറയുന്നവര് ഭൌതിക കലാലയങ്ങളെ നിലനിർത്തുവാനുള്ള ഒരു ‘മറ’ മാത്രമായിട്ടാണ് അവിടെയുള്ള മതകലാലയത്തെ നോക്കിക്കാണുന്നത്. ഫ്യൂഡൽ വ്യവസ്ഥയുടെ കാലത്തെ ബ്രാഹ്മണന്റെ മുമ്പിൽ പെട്ട പട്ടികജാതിക്കാരന്റെ അവസ്ഥയാണ് ഇത്തരം മതകലാലയത്തിലുള്ളവർ ഇന്നനുഭവിക്കുന്നത്.

ഭൌതിക കലാലയത്തിന്റെ ക്യാമ്പസ് മാറ്റിസ്ഥാപിക്കാനോ കഴിവും പ്രാപ്തിയുമുള്ളവരെ കൊണ്ട് വന്ന് മതകലാലയത്തിന്റെ പഴയ പ്രതാപം വീണ്ടെടുക്കാനോ ശ്രമിക്കുന്നതിന് പകരം ‘ലാഭകരമായ’ ഭൌതിക സ്ഥാപനങ്ങളെയും അതുയർത്തിവിടുന്ന ധാർമ്മിക പ്രശ്നങ്ങളെയും വഴിവിട്ട് ന്യായീകരിക്കുന്ന സ്തുതിപാഠകന്മാരായ സ്റാഫിനെ നിയമിച്ച് എതിർപ്പുള്ളവരെ പുകച്ച് പുറത്ത് ചാടിച്ച് മതകലാലയത്തെ വരുതിയിൽ നിർത്താനാണ് പലേടത്തും ശ്രമം നടക്കുന്നത്. ചിലേടങ്ങളിൽ ‘ഭൌതികസ്ഥാപനത്തിന്റെ ലാഭവിഹിതം എന്ന നക്കാപ്പിച്ച’ കൊണ്ടാണ് നിങ്ങളുടെ അന്നമെന്നും അതിനാൽ ‘അച്ചടക്കമുള്ള അനുഭാവികളാകാൻ’ നിങ്ങള് നിർബന്ധിതരാണെന്നും സ്ഥാപന മേധാവി റൂളിംഗ് നൽകാറുണ്ടത്രെ! മതവിദ്യാർഥികളുടെ വല്ലാത്തൊരു ഗതികേട്! ജാറവരുമാനത്തിൽ മതകലാലയം നടത്തുന്ന ഖുബൂരികളുടെ മറ്റൊരു മോഡൽ.

മതകലാലയം പൂട്ടിയാൽ പിന്നെ പിരിവ് നടത്താനുള്ള 'മറ'ഇല്ലാതാകുമെന്നതിനാൽ അതിനെ കോലം മാറ്റി ഭൌതികവൽക്കരിച്ച് 'ചത്തതിനൊക്കുമേ ജീവിച്ചിരിപ്പതും' എന്ന നിലയിൽ കഴമ്പില്ലാത്ത വെറും തോടു മാത്രം നിലനിർത്തുകയാണ്. പേരിനെങ്കിലും ക്യാമ്പസ്സിനകത്ത് മതച്ചുവയുള്ള ചില സ്ഥാപനങ്ങൾ ഉണ്ടെങ്കിലല്ലേ ബ്രോഷറ് കാട്ടി പണം പിരിക്കാന് റിസീവർമാർക്ക് സൌകര്യപ്പെടുകയുള്ളൂ എന്ന ചിന്തയാണ് ഇത്തരം സ്ഥാപനങ്ങളെ 'ഞെക്കി ഞെക്കി കൊല്ലാതെ, നക്കി നക്കി കൊല്ലാൻ' ഇവർക്കുള്ള പ്രേരണ! ഇത്തരം ദീനീ സ്ഥാപനങ്ങൾക്കൊന്നും ഇനി ആളെ കിട്ടില്ല എന്നിടക്കിടെ പുലമ്പുന്നത് ഈ റിസീവർമാരുടെ സ്ഥിരം ശൈലിയാണ്. മതപ്രബോധകരെ വാർത്തെടുക്കാനും, മതപ്രബോധന രംഗത്ത് വെല്ലുവിളികൾ നേരിടാനും മതവിദ്യാർഥികൾക്ക് ഉന്നതപഠനം നടത്താനുള്ള സർക്കാര് നിയന്ത്രണമില്ലാത്ത സ്ഥാപനം... എന്നതൊക്കെയായിരുന്നു ഉന്നത മതകലാലയങ്ങൾ പതിറ്റാണ്ടുകൾക്ക് മുൻപേ സ്ഥാപിച്ചവരുടെ ലക്ഷ്യം എന്നത് ആദ്യം പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടത് ഇത്തരം റിസീവർമാരെയും പ്രസ്തുത കലാലയങ്ങളുടെ നിയന്ത്രണം ഏറ്റെടുത്ത കമ്മിറ്റികാരേയും അവരെ കൈപ്പിടിയിലൊതുക്കിയ സ്ഥാപനമേധാവികളേയുമാണ് എന്ന് സാധാരണക്കാർ പോലും പറയാൻ തുടങ്ങിയിട്ടുണ്ട്. അതിനാൽ സലഫീ ആദർശത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ശുദ്ധീകരണത്തിന് നാം തയ്യാറെടുക്കേണ്ടിയിരിക്കുന്നു. ജീർണതകൾക്ക് അടയിരിക്കുന്നവർക്ക് ഇതെല്ലാം അലോസരമുണ്ടാക്കുമെങ്കില് ആദർശത്തെ സ്നേഹിക്കുന്നവർക്ക് പ്രസ്ഥാനത്തെ നെഞ്ചിലേറ്റിയവർക്ക് ഈ ചരിത്ര ദൌത്യം ഏറ്റെടുക്കാതിരിക്കാൻ കഴിയില്ല.

## സമാപനം

നമുക്ക് ഭൌതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണം ; ജീവകാരുണ്യ – സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങള് വേണം ; രാഷ്ട്രീയ പ്രവർത്തനവും പൊതുസമൂഹത്തിൽ പങ്കാളിത്തവും വേണം. പക്ഷേ നമ്മുടെ ആദർശ പ്രബോധന പ്രവർത്തനങ്ങൾക്ക് ഇവയൊന്നും ഒരു നിലക്കും തടസ്സമാകരുത്. പ്രത്യുത താങ്ങും തണലുമാകണം. ആ നിലയിലേക്ക് വരാതിരുന്നാൽ ആദർശത്തിന് മുൻതൂക്കം നൽകുന്നവര് ചെയ്യേണ്ടത് ഇത്തരം കാര്യങ്ങള് തൽക്കാലം നിർത്തിവെക്കുകയാണ്. കാരണം ഇതൊന്നുമല്ല നമ്മുടെ മുഖ്യ അജണ്ട. മുഖ്യമായ ലക്ഷ്യം ശരിയായ ദീന് കലർപ്പില്ലാതെ – കൂട്ടാതെ കുറക്കാതെ – സമൂഹത്തിന് എത്തിച്ചു കൊടുക്കലാണ്. ആ മഹത്തായ ലക്ഷ്യത്തിന് ഇതൊക്കെ വിലങ്ങുതടികളാണെങ്കിൽ അവയൊക്കെയും മുഖ്യലക്ഷ്യത്തിന്റെ സാക്ഷാൽക്കാരത്തിന് വേണ്ടി തൽക്കാലം ഉപേക്ഷിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തില് ആദർശ പ്രബോധന സംഘടന പാലിക്കേണ്ട മുൻഗണനാ ക്രമങ്ങള് മാറ്റിമറിക്കുന്നത് തികഞ്ഞ ആദർശ വ്യതിയാനമാണെന്ന് പറയാതെ വയ്യ. തെറ്റുകൾ തിരുത്തി മുന്നോട്ട് പോവാന് അല്ലാഹു സഹായിക്കട്ടെ! (ആമീൻ)

**- See more at: [http://islahmonthly.com/samskaranam/513.html#sthash.CEKbcSHQ.dpuf](http://islahmonthly.com/samskaranam/513.html#sthash.CEKbcSHQ.dpuf)**

**www.voiceofsalaf.com**